LIBRARY ARCHIVES Kerala Legislative Assembly

ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങൾ

233 (578) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷത്തിൽ ലാഭകരമായി പ്രവർത്തിച്ചവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; ലാഭവിഹിതമായി സർക്കാരിലേക്ക് നൽകിയ ആകെ തുക എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിനുമുൻപുള്ള കണക്കുകൾ പ്രകാരം വ്യവസായവകുപ്പിന്റെ അധീനതയിൽ ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* 2014-15 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ആഡിറ്റ് പൂർത്തിയായതിനുശേഷമേ സ്ഥാപനങ്ങൾ ലാഭവിഹിതം പ്രഖ്യാപിക്കുകയുള്ളൂ.

പൊതുമേഖലാസ്ഥാപനങ്ങൾ

234 (579) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് ഇപ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പൊതു മേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിരുന്നു ; ഇപ്പോൾ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം നൽകുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.